**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **28-06-2022 - ൽ മറുപടിയ്ക്ക്**

**മീറ്റർ റീഡർ തസ്തിക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ .എസ്.ഇ.ബി. യിൽ ആകെ എത്ര മീറ്റർ റീഡർ തസ്തിക ഒഴിവുകൾ നിലവിലുണ്ട്;വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ - ൽ ആകെ 70 മീറ്റർ റീഡർ തസ്തിക ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പി.എസ്.സി. മുഖേന മീറ്റർ റീഡർ തസ്തിക ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ് ലൈൻസ് പ്രകാരം (Revamped Reforms Linked Results – Based Distribution Sector Scheme) പ്രീപെയ്ഡ് സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ് സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ബോർഡിലും ഇവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. മീറ്ററിംഗുമായി ബന്ധപ്പെട്ട ഇത്തരം സ്ഥിതിമാറ്റത്തിലൂടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കടന്നുപോകുന്നത്. ഇതിനകം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് (കെ.പി.എസ്.സി) റിപ്പോർട്ട് ചെയ്ത 218 ഒഴിവുകളിൽ ലഭ്യമായ നിയമനശുപാർശയിൽ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകുകയും അതിൽ ജോലിയിൽ പ്രവേശിക്കാത്ത 70 ഉദ്യോഗാർത്ഥികളുടെ NJD ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് (കെ.പി.എസ്.സി) റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആണ്. സംസ്ഥാനത്താകെ റീഡിംഗ് ആവശ്യമില്ലാത്ത സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന സാഹചര്യത്തിൽ കാലക്രമേണ മീറ്റർ റീഡർ തസ്തികയുടെ ആവശ്യകത ഇല്ലാതെ വരും. ആയതിനാൽ മീറ്റർ റീഡർ / സ്പോട്ട് ബില്ലർ തസ്തികയിൽ പുതിയതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ